©
**കേരള സർക്കാർ**
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 8** Vol. VIII | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2019 ഡിസംബർ 20** 20th December 2019 **1195 ധനു 4** 4th Dhanu 1195 **1941 അഗ്രഹായനം 29** 29th Agrahayana 1941 | **നമ്പർ** No. | **3151** |

കേരള സർക്കാർ

**കേരളീയ പ്രവാസികാര്യ (എ) വകുപ്പ്**

വിജ്ഞാപനം

*തിരുവനന്തപുരം, 2019 ഡിസംബർ, 17*

സ.ഉ.(കൈ.) നമ്പർ 23/2019/നോർക്ക

**എസ്. ആർ. ഒ. നമ്പർ 991/2019**

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009-ലെ 10) 8 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 12/2019/നോർക്ക എന്ന നമ്പർ വിജ്ഞാപനമായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19-ാം തീയതിയിലെ 2187-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) എസ്.ആർ.ഒ. നമ്പർ 650/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി ഭേദഗതി ചെയ്യുന്നതിന്, താഴെപ്പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:-

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ പദ്ധതിക്ക് "2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് (ഭേദഗതി) പദ്ധതി" എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിക്കുള്ള ഭേദഗതി.- 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ 2-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയിലെ (എച്ച്) ഇനത്തിനു പകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത് (എച്ച്) "പ്രവാസി" എന്നാൽ ആക്ടിലെ 2-ാം വകുപ്പു (എം) ഖണ്ഡ പ്രകാരമുള്ള "പ്രവാസി കേരളീയൻ" എന്നർത്ഥമാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

***സത്യജിത്ത് രാജൻ,***
*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009-ലെ 10) 8 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പദ്ധതിയിലെ 2-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയിലെ (എച്ച്) പ്രകാരം പ്രവാസി എന്ന വാക്ക് നിർവചിച്ചിരുന്നു. പ്രസ്തുത നിർവചനത്തിനു പകരം 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ സെക്ഷൻ 2 (എം) പ്രകാരമുള്ള നിർവചനം ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

Digitally signed by SHEELA M G
Date:2019.12.20 08:46:01 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/